**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1114** **09-10-2024 - ൽ മറുപടിയ്ക്ക്**

**സമുദ്ര ആവാസവ്യവസ്ഥ സംരക്ഷിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സമുദ്ര ജീവികളെ സംരക്ഷിക്കാനും പാരിസ്ഥിതിക വെല്ലുവിളികൾ കുറയ്ക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സമുദ്ര ജീവികളെ സംരക്ഷിക്കാനും പാരിസ്ഥിതിക വെല്ലുവിളികൾ കുറയ്ക്കാനും ഫിഷറീസ് വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>**1. തീരക്കടലിൽ കൃത്രിമപ്പാരുകൾ നിക്ഷേപിക്കുന്ന പദ്ധതി**<br><br>സംസ്ഥാനത്തെ തീരക്കടലിൽ കൃത്രിമപ്പാരുകൾ നിക്ഷേപിക്കുന്നതിലൂടെ സമുദ്രജീവികളുടെ ആവാസ വ്യവസ്ഥ സംരക്ഷിക്കുന്നതിനും പാരിസ്ഥിതിക വെല്ലുവിളികൾ കുറയ്ക്കുന്നതിനും അതിലൂടെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ മത്സ്യം ലഭിക്കുന്നതിനുമായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ് മുഖേന 2011-12 സാമ്പത്തിക വർഷം മുതൽ വിവിധ തീരപ്രദേശങ്ങളിൽ കൃത്രിമപാര് നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കടലിന്റെ അടിത്തട്ടിൽ കൃത്രിമ ആവാസവ്യവസ്ഥ സൃഷ്ടിച്ച് മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിനായി മത്സ്യഗ്രാമങ്ങളിലെ തീരക്കടലിൽ നിലവിലുള്ള പ്രകൃതിദത്ത പാരുകൾക്ക് സമീപം ത്രികോണാകൃതിയിലുള്ള സിമന്റ് കോൺക്രീറ്റ് മൊഡ്യൂളുകൾ ജി.പി.എസ് സഹായത്തോടെ സ്ഥാനനിർണ്ണയം നടത്തി നിക്ഷേപിക്കുന്ന പദ്ധതിയാണിത്. ഈ പാരുകളിൽ സസ്യപ്ലവകങ്ങളും ജന്തു പ്ലവകങ്ങളും രൂപപ്പെടുമ്പോൾ അത് ഭക്ഷിക്കുന്നതിനായി ചെറുതും വലുതുമായ മത്സ്യങ്ങൾ അവിടേക്ക് ആകർഷിക്കപ്പെടുകയും ഈ ആവാസ വ്യവസ്ഥ മത്സ്യ പ്രജനനത്തിനും അവയുടെ സുസ്ഥിരമായ നിലനിൽപിനും അനുകൂല സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുന്നു.<br><br>2011-12 സാമ്പത്തിക വർഷം മുതൽ 2021-22 വരെ തിരുവനന്തപുരം ജില്ലയിലെ 16 മത്സ്യഗ്രാമങ്ങളിലായി ആകെ 4190 കൃത്രിമപ്പാരുകൾ നിക്ഷേപിച്ചു കഴിഞ്ഞു. |

തുടർന്ന് 2023-24 സാമ്പത്തിക വർഷം "കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിലൂടെ കേരള സംസ്ഥാനത്തിന്റെ സുസ്ഥിര മത്സ്യബന്ധന വികസനവും ഉപജീവന മാർഗ്ഗം പ്രോത്സാഹിപ്പിക്കലും" എന്ന പദ്ധതിക്ക് 13.02 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ 42 മത്സ്യഗ്രാമങ്ങളിൽ 150 മോഡ്യൂളുകൾ വീതം ആകെ 6300 കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. മൂന്ന് തരം RCC റീഫ് മൊഡ്യൂളുകൾ (ത്രികോണാകൃതിയിലുള്ള റീഫ് മൊഡ്യൂൾ-80 എണ്ണം, പൂവ് ആകൃതിയിലുള്ളവ -35 എണ്ണം, പൈപ്പ് ആകൃതിയിലുള്ളവ -35 എണ്ണം) ആണ് ഓരോ ലൊക്കേഷനുകളിലും നിക്ഷേപിക്കുന്നത്. ഇതിനോടകം 6300 കൃത്രിമപ്പാരുകളുടെയും നിർമ്മാണം പൂർത്തീകരിക്കുകയും തെരഞ്ഞെടുത്ത 33 മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ 42 ലൊക്കേഷനുകളിലായി നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തു.

"കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിലൂടെ കേരള തീരത്ത് സുസ്ഥിര മത്സ്യബന്ധനവും ഉപജീവന മാർഗ്ഗങ്ങളുടെയും വർധിപ്പിക്കൽ" എന്ന പദ്ധതിയുടെ രണ്ടാം ഘട്ടം കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ 96 മത്സ്യഗ്രാമങ്ങളിലായി നടപ്പാക്കുന്നതിന് 29.76 കോടി രൂപയുടെ പ്രൊപോസൽ അംഗീകാരത്തിനായി കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. പദ്ധതി തുകയുടെ 60% ആയ 17.856 കോടി രൂപ കേന്ദ്ര വിഹിതവും 40% ആയ 11.904 കോടി രൂപ സംസ്ഥാന വിഹിതവുമാണ്. കൂടാതെ പ്രസ്തുത പദ്ധതിയുടെ മൂന്നാം ഘട്ടം മലപ്പുറം, കോഴിക്കോട് കണ്ണൂർ, കാസർകോഡ് ജില്ലകളിലെ 96 മത്സ്യഗ്രാമങ്ങളിലായി നടപ്പാക്കുന്നതിന് 25.8285 കോടി രൂപയുടെ പ്രൊപോസൽ അംഗീകാരത്തിനായി കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. പദ്ധതി തുകയുടെ 60% ആയ 15.4971 കോടി രൂപ കേന്ദ്ര വിഹിതവും 40% ആയ 10.3314 കോടി രൂപ സംസ്ഥാന വിഹിതവുമാണ്.

കൂടാതെ കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്ന പദ്ധതിയോടനുബന്ധിച്ച, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് (NFDB) മുഖാന്തരം നടപ്പാക്കുന്ന "സീ റാഞ്ചിംഗ്" പദ്ധതി പ്രകാരം 3 കോടി രൂപയുടെ (100% കേന്ദ്ര വിഹിതം) പദ്ധതിക്ക് അംഗീകാരം ലഭ്യമായിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ കൃത്രിമപ്പാരുകൾ നിക്ഷേപിച്ചിട്ടുള്ള തിരഞ്ഞെടുക്കപ്പെട്ട 10

ലോക്കേഷനുകളിലായി 10 ലക്ഷം പോമ്പാനോ/ കോബിയ എന്നീ ഇനങ്ങളിൽപ്പെട്ട മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനു ഫിഷറീസ് വകുപ്പ് നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

**2. മത്സ്യത്തൊഴിലാളികൾക്ക് square mesh cod end വിതരണം ചെയ്യുന്ന പദ്ധതി**

Sustainable Marine Fishing Practices പദ്ധതിയിൽ ഉൾപ്പെടുത്തി 2019-20 സാമ്പത്തിക വർഷം മുതൽ മത്സ്യത്തൊഴിലാളികൾക്ക് square mesh cod end വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ട്രോൾ നെറ്റുകളിലെ സ്ക്വയർ മെഷ് കോഡ് എൻഡ് സമുദ്രവിഭവങ്ങളുടെ സംരക്ഷണത്തിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. ചതുരാകൃതിയിലുള്ള കോഡ് എൻഡ് മെഷുകൾ മത്സ്യകുഞ്ഞുങ്ങൾക്കും വലിപ്പം കുറഞ്ഞ മത്സ്യങ്ങൾക്കും വലയിൽ നിന്ന് രക്ഷപ്പെടുന്നതിനുള്ള അവസരം ഉറപ്പാക്കുന്നു. മാത്രമല്ല ഇത്തരത്തിൽ രക്ഷപ്പെടുന്ന മത്സ്യങ്ങൾക്ക് കേടുപാടുകൾ സംഭവിക്കുന്നില്ല എന്നതിനാൽ തന്നെ അവ അതിജീവിക്കുകയും വളരുകയും ചെയ്യും. നടപ്പ് സാമ്പത്തിക വർഷം ടി പദ്ധതിക്കായി 40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ജില്ലകളിൽ ഗുണഭോക്തൃ തിരഞ്ഞെടുപ്പ് നടത്തി square mesh cod end കൾ വിതരണം ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു പദ്ധതി നടപ്പിലാക്കി വരുന്നു.

**3. കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമങ്ങളുടെയും ചട്ടങ്ങളുടെയും പരിഷ്കരണം**

കടൽ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനും ഉതകുന്ന തരത്തിൽ കെ.എം.എഫ്.ആർ ആക്ടും റൂളും കാലോചിതമായി പരിഷ്കരിയ്ക്കുകയും കാര്യക്ഷമമായി നടപ്പിലാക്കുകയും ചെയ്തു വരുന്നു. വിവിധ മത്സ്യ വർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥകൾ സംരക്ഷിയ്ക്കുന്നതിനു നടപടികൾ സ്വീകരിച്ചു വരുന്നു. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി ട്രോൾ നെറ്റുകളുടെ കോഡ് എൻറിൽ സ്ക്വയർ മെഷ് നിർബ്ബന്ധമാക്കി. മത്സ്യബന്ധന സമയത്ത് വലയിൽ കുടുങ്ങാൻ സാധ്യതയുള്ള കടലാമകളെ സംരക്ഷിക്കുന്നതിനായി ട്രോൾ വലകളിൽ Turtle Excluder Device (TED) നിർബ്ബന്ധമാക്കിയിട്ടുണ്ട്. പ്രധാനപ്പെട്ട എല്ലാ വലകളുടെയും ആകെ വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. നശീകരണ മൽസ്യബന്ധന രീതികളായ പേഴ്സ് സീൻ, പെലാജിക് ട്രോൾ, മിഡ് വാട്ടർ ട്രോൾ, പെയർ ട്രോൾ, 12

വാട്സിൽ കൂടുതൽ പ്രകാശ തീവ്രതയുള്ള കൃത്രിമലൈറ്റുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം, പുതുക്കിയ കെ.എം.എഫ്.ആർ ചട്ടം അനുസരിച്ച് നശീകരണ മത്സ്യബന്ധനരീതികളായ ഡൈനാമെറ്റ് പോലുള്ളലുള്ള സ്ഫോടകവസ്തുക്കൾ, വിഷം, മറ്റ് മാരകമായ രാസവസ്തുക്കൾ, തെങ്ങിന്റെ ക്ലാഞ്ഞിൽ, വൃക്ഷശിഖരങ്ങൾ എന്നിവ ഉപയോഗിച്ചും പ്ലാസ്റ്റിക് ബോട്ടിലുകൾ, ഉപയോഗ ശൂന്യമായ വല എന്നിവ കൂട്ടികെട്ടിയുള്ള മത്സ്യബന്ധനവും നിരോധിച്ചിട്ടുണ്ട്.

തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്ററിന് മുകളിൽ നീളവും 250 എച്ച്.പി.യ്ക്ക് മുകളിൽ ഇന്ധന ക്ഷമതയുള്ളതുമായ യാനങ്ങൾക്ക് തീരക്കടലിൽ (12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് നിരോധിച്ചു. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യതീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നു എന്ന് മനസ്സിലാക്കി കേരളാ തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം ഇറക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്തുവരുന്നു. കൂടാതെ ട്രോൾബാൻ 47 ദിവസത്തിൽ നിന്നും 52 ദിവസമായി വർദ്ധിപ്പിച്ചു.

കടലിന്റെ അടിത്തട്ടിൽ ടൺ കണക്കിന് പ്ലാസ്റ്റിക് മാലിന്യങ്ങൾ അടിഞ്ഞുകൂടുന്നതു മത്സ്യമേഖലയ്ക്ക് ഭീഷണിയാകുമെന്നു മനസ്സിലാക്കി ഫിഷറീസ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എന്നിവയുടെ നേതൃത്വത്തിൽ ബോട്ടുടമകൾ, മത്സ്യത്തൊഴിലാളികൾ, സാഫ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ശുചിത്വ മിഷൻ, ക്ലീൻ കേരള മിഷൻ എന്നിവരുടെ സഹകരണത്തോടെ 'ശുചിത്വ സാഗരം' പദ്ധതി ആവിഷ്കരിച്ചു ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തരം നടപ്പാക്കി വരുന്നുണ്ട്. വിവിധ മത്സ്യ വർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥകൾ സംരക്ഷിയ്ക്കുന്നതിനു കണ്ടൽക്കാടുകൾ വച്ച് പിടിപ്പിക്കുന്ന പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാന സമുദ്ര മത്സ്യബന്ധന മേഖലയിൽ വിഭവ പരിപാലനവും നിരീക്ഷണവും സംരക്ഷണവും ഫലപ്രദമായി നടപ്പിലാക്കുന്നതിന് ത്രിതല മാനേജ്മന്റ് സംവിധാനമായ സംസ്ഥാന, ജില്ലാ, വില്ലേജ് ഫിഷറീസ് മാനേജ്മന്റ് കൗൺസിലുകൾ രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഉത്തരവാദിത്വ മത്സ്യബന്ധനത്തെക്കുറിച്ചും മത്സ്യ സമ്പത്തിന്റെ സംരക്ഷണത്തെക്കുറിച്ചും സമുദ്ര മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവർക്കും തീരദേശവാസികൾക്കും ആവശ്യമായ ബോധവൽക്കരണം നടത്തുന്നതിന്

| | | | |
|---|---|---|---|
| | | | ഫിഷിംഗ് വില്ലേജ് മാനേജ്മെന്റ് കൗൺസിലുകൾ പ്രധാന പങ്ക് വഹിക്കുന്നു.<br><br>**<u>4. ട്രോൾ വലകളിൽ Turtle Excluder Device (TED) ഘടിപ്പിക്കുന്നത്</u>**<br><br>കടലാമകളുടെ സംരക്ഷണാർത്ഥം ആഗസ്റ്റ് 2019 മുതൽ ഇന്ത്യയിൽ നിന്നുള്ള ചെമ്മീൻ കയറ്റുമതി (കടലിൽ നിന്ന് പിടിക്കുന്ന) യുണൈറ്റഡ് സ്റ്റേറ്റ് ഡിപാർട്ട്മെന്റ് നിരോധിച്ചിരിക്കുകയാണ്. പ്രതിവർഷം 2500 കോടി രൂപ വിദേശനാണ്യം ഇന്ത്യയ്ക്ക് നേടിത്തരുന്ന ചെമ്മീൻ കയറ്റുമതി പുനരാരംഭിക്കണമെങ്കിൽ ഇന്ത്യയിൽ ഉപയോഗിക്കുന്ന എല്ലാ ട്രോൾ വലകളിലും Turtle Excluder Device (TED) ഘടിപ്പിച്ചു എന്ന് US National Oceanic and Atmospheric Administration (NOAA) സർട്ടിഫൈ ചെയ്യണം. ആയതിന്റെ ഭാഗമായി MPEDA യും CIFT യും, TED ന്റെ ഡെമോൺസ്ട്രേഷൻ സംസ്ഥാനത്ത് നടത്താൻ നിശ്ചയിച്ചിട്ടുണ്ട്.<br><br>ബോട്ടം ട്രോൾ വലകളിൽ TED നിർബ്ബന്ധമാക്കിക്കൊണ്ട് സംസ്ഥാന സർക്കാർ കെ. എം. എഫ്. ആർ. റൂൾ 2019-ൽ ഭേദഗതി ചെയ്തിട്ടുണ്ട്. സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT) വികസിപ്പിച്ചെടുത്തിട്ടുള്ള TED ട്രോൾ നെറ്റുകളിൽ ഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ടുള്ള ഡെമോൺസ്ട്രേഷൻ MPEDA-NETFISH-ന്റെ നേതൃത്വത്തിൽ 11 മത്സ്യബന്ധന ഹാർബറുകൾ (ശക്തികുളങ്ങര, നീണ്ടകര, അഴീക്കൽ, മുനമ്പം, തോപ്പുംപടി, മുനക്കകടവ്, പൊന്നാനി, ബേപ്പൂർ, പുതിയാപ്പ, അഴീക്കൽ, മടക്കര) കേന്ദ്രീകരിച്ച് മത്സ്യത്തൊഴിലാളി സംഘടനകളുടെ സഹകരണത്തോടെ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇതിനായി പ്രത്യേക പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ബി) | ഫിഷറീസ് വകുപ്പ് ഇതിനായി പ്രത്യേക പഠനം നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ